# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 1567 — 22.03.2013 -ൽ മറുപടിയ്ക്ക്

## പഞ്ചായത്തുകളിലെ കെട്ടിട നികുതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ടി. വി. രാജേഷ് : | | ശ്രീ. എം. കെ. മുനീർ<br>പഞ്ചായത്തും സാമൂഹ്യക്ഷേമവും<br>വകുപ്പു മന്ത്രി |
| (എ) സംസ്ഥാനത്തെ പഞ്ചായത്തുകൾ പിരിക്കുന്ന കെട്ടിട നികുതി വർദ്ധിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;<br><br>(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ? | (എ)<br>&<br>(ബി) | ഉണ്ട്. തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിക്കുന്നതിനുവേണ്ടി 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ചട്ടങ്ങളിലെ ചില വ്യവസ്ഥകൾ ലഘൂകരിച്ചുകൊണ്ട് 2013-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ഭേദഗതി ചട്ടങ്ങൾ പ്രസിദ്ധീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കെട്ടിടങ്ങൾക്ക് നിലവിലുള്ള വസ്തു നികുതിയിൽ ഏറ്റവും കുറഞ്ഞത് ഇരുപത്തിയഞ്ച് ശതമാനം വർദ്ധനവ് വരുത്തേണ്ടതുണ്ട്. കൂടാതെ നിലവിലുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവ്, തൊട്ട് മുമ്പ് നിലവിലുണ്ടായിരുന്ന വാർഷിക വസ്തു നികുതിയുടെ അറുപത് ശതമാനത്തിൽ അധികരിക്കാൻ പാടില്ലെന്നും വാണിജ്യാവശ്യത്തിനുള്ളതും നിലവിലുള്ളതുമായ കെട്ടിടങ്ങൾക്ക് നൂറ്റിയമ്പത് ശതമാനത്തിൽ അധികരിക്കാൻ പാടില്ലെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന അടിസ്ഥാന വസ്തു നികുതി നിരക്കുകൾക്ക് അവ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തേയ്ക്ക് പ്രാബല്യം ഉണ്ടായിരിക്കുന്നതും, അടുത്ത ഓരോ അഞ്ച് വർഷക്കാലയളവിലേയ്ക്കും നിലവിലുള്ള നിരക്കുകളിന്മേൽ കുറഞ്ഞത് ഇരുപത്തിയഞ്ച് ശതമാനവും കൂടിയത് മുപ്പത്തിയഞ്ചു ശതമാനവും എന്ന തോതിൽ വർദ്ധനവ് വരുത്തണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ